പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: *3613* 23.06.2014-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി -യുടെ പ്രവർത്തനാവലോകനം

ചോദ്യം

ഉത്തരം

ശ്രീ. എളമരം കരീം :
" കെ. കെ. ജയചന്ദ്രൻ :
" കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
" സി. കൃഷ്ണൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനങ്ങൾ ഏറ്റവുമൊടുവിൽ സർക്കാർ അവലോകനം നടത്തിയത് എപ്പോഴാണ്; ഇപ്പോഴത്തെ സ്ഥിതിഗതികൾ വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യിലെ അംഗീകൃത / രജിസ്ട്രേർഡ് തൊഴിലാളി സംഘടനകളും മാനേജ്മെന്റുമായി 12.06.2014-ന് ബഹു. ഗതാഗത വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അവലോകനയോഗം ചേർന്നിട്ടുണ്ട്. നിലവിൽ കോർപ്പറേഷന്റെ പ്രതിമാസ വരവ് ചെലവ് അന്തരം 78 കോടി രൂപയാണ്. പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുക വഴി, കോർപ്പറേഷന്റെ കാര്യക്ഷമത വർദ്ധിക്കുകയും, ലാഭത്തിലേക്കെത്തുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ജീവനക്കാരുടെ കുടിശ്ശികയായിട്ടുള്ള ശമ്പളം ഉടൻ വിതരണം ചെയ്യാമോ; | (ബി) | 09/12 മുതൽ 12/12 വരെയുള്ള നാല് മാസത്തെ ശമ്പള പരിഷ്ക്കരണത്തിന്റെ കുടിശ്ശിക സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് വിതരണം ചെയ്യാമെന്ന് കരുതുന്നു. |
| (സി) | കോർപ്പറേഷന്റെ മൂലധനം വർദ്ധിപ്പിക്കുന്നതിനുദ്ദേശ്യമുണ്ടോയെന്നും വ്യക്തമാക്കുമോ ? | (സി) | 01.04.2008 മുതൽ 31.03.2013 വരെയുള്ള സർക്കാർ വായ്പ 665.50 കോടി രൂപയാണ്. ടി വായ്പ മൂലധന നിക്ഷേപമാക്കി മാറ്റുന്ന പദ്ധതി പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ